## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1278

01.07.2015-ൽ
മറുപടിക്ക്

## ഭൂമിയുടെ ന്യായവില നിർണ്ണയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.പി.ടി.എ.റഹീം | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഭൂമിയുടെ ന്യായവില നിർണ്ണയിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ് ; ആയത് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും വ്യക്തമാക്കാമോ ; | എ) എല്ലാ ജില്ലകളിലും ഭൂമിയുടെ ന്യായവില നിർണ്ണയ നടപടികൾ 06.03.2010-ൽ പൂർത്തിയായി, ആയത് 2010 ഏപ്രിൽ 1 – ന് പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. ന്യായവില നിശ്ചയിച്ചിട്ടില്ലാത്ത കേസുകളിൽ കക്ഷികളുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ അതത് RDO സ്വീകരിച്ചു വരുന്നുണ്ട്.<br><br>ഭൂമിയുടെ ന്യായവില നിർണ്ണയവുമായി ബന്ധപ്പെട്ട ഗസറ്റ് വിജ്ഞാപനത്തിൽ, വില ചേർക്കാൻ വിട്ടുപോയ സർവ്വേ നമ്പരുകൾ, ഗവൺമെന്റ് പ്രോപ്പർട്ടി എന്ന് തെറ്റായി രേഖപ്പെടുത്തിയവ, ദേശവ്യത്യാസം, ബ്ലോക്ക് വ്യത്യാസം മുതലായ കേസുകളിൽ വില്ലേജാഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വില നിർണ്ണയിച്ച് അപാകതകൾ പരിഹരിച്ച് ജില്ലാ കളക്ടർമാർ ഗസറ്റ് വിജ്ഞാപനം ചെയ്യുന്നുണ്ട്. പുതിയ സർവ്വേ സബ് ഡിവിഷൻ നമ്പരിന് ഫെയർ വാല്യൂ വിവരങ്ങൾ ആവശ്യമായി വരുന്നതിനാൽ ആയതിന്റെ അപേക്ഷകൾ പരിഗണിച്ച് ന്യായവില നിർണ്ണയിച്ച് നൽകുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട സബ് കളക്ടർ / RDO സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| ബി) സർക്കാർ നിശ്ചയിച്ച ന്യായവില സംബന്ധിച്ച പരാതികളിൽ തീർപ്പുകൽപ്പിക്കാൻ കാലതാമസം നേരിടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) സർക്കാർ നിശ്ചയിച്ച ന്യായവില സംബന്ധിച്ച പരാതികളിൽ തീർപ്പു കൽപ്പിക്കാൻ കാലതാമസം നേരിടാറില്ല. ന്യായവില സംബന്ധിച്ചു ലഭിക്കുന്ന പരാതിയിന്മേൽ വില്ലേജാഫീസറുടെ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയതിനുശേഷം അർഹതയുള്ളവയിന്മേൽ RDO തീർപ്പ് കൽപ്പിച്ചു വരുന്നുണ്ട്. എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ അങ്കമാലി വില്ലേജിലെ ഭൂമിയുടെ ന്യായവില നിർണ്ണയം സംബന്ധിച്ച് ധാരാളം അപ്പീലുകൾ ലഭിക്കുന്നതിനാൽ ആയത് തീർക്കുന്നതിന് ചെറിയ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) ന്യായവില പുനർ നിർണ്ണയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | സി) ന്യായവില പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് 17.03.2015-ന് ബഹു: റവന്യൂ വകുപ്പ് മന്ത്രിയും ബഹു: ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രിയും ചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഒരു യോഗം ചേരുകയുണ്ടായി. യോഗതീരുമാന പ്രകാരം ഒരു സബ് കമ്മിറ്റി രൂപീകരിച്ച് ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കുന്നതിലെ അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |
| ഡി) വില കുറച്ച് ആധാരം രജിസ്റ്റർ ചെയ്ത കേസുകളിലുള്ള അപ്പീലുകൾ കാലതാമസമില്ലാതെ തീർപ്പു കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ഡി) വില കുറച്ച് ആധാരം രജിസ്റ്റർ ചെയ്ത കേസുകളിൽ ജില്ലാ രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ മേൽ അപ്പീൽ കേൾക്കാനുള്ള അധികാരം കോടതികൾക്കാണ്. അതുകൊണ്ട് അപ്പീലുകൾ തീർപ്പാക്കാനുള്ള കാലതാമസം സംബന്ധിച്ച് വകുപ്പുതലത്തിൽ നടപടി സ്വീകരിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ